**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 915** **12-06-2024 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്കുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരെ സാമൂഹിക, സാമ്പത്തിക, ആരോഗ്യ രംഗങ്ങളിൽ മുഖ്യധാരയിൽ എത്തിക്കുന്നതിന് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ സാമൂഹിക സാമ്പത്തിക ആരോഗ്യ രംഗങ്ങളിൽ മുഖ്യധാരയിൽ എത്തിക്കുന്നതിന് നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത വിഭാഗങ്ങൾക്കായി നിരവധി പദ്ധതികളും ഫണ്ടും വിനിയോഗിക്കുന്നുവെങ്കിലും നിലവിൽ ഇവരുടെ പിന്നാക്കാവസ്ഥ മാറാതിരിക്കുന്നതിനുള്ള കാരണങ്ങൾ പഠനവിധേയമാക്കിയിട്ടുണ്ടോ; ഇവർക്കായി ചെലവഴിക്കുന്ന തുക കൃത്യമായി ഇവരിലേക്ക് എത്തിച്ചേരുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | പട്ടികവർഗ്ഗക്കാരുടെ സാമൂഹിക -സാമ്പത്തിക സർവ്വെ പ്രകാരം ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>പട്ടികവർഗ്ഗക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന തുക അവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് തന്നെ ചെലവഴിക്കുന്നുവെന്ന് കൃത്യമായി മോണിട്ടർ ചെയ്യുന്നതിന് ജില്ലാകളക്ടർ അദ്ധ്യക്ഷനായി സ്ഥലംഎം.എൽ.എ.മാർ ഉൾപ്പെടുന്ന കമ്മിറ്റിയും, ഡിസ്ട്രിക്ട് ഡെവലപ്മെൻറ് കമ്മിറ്റിയും അതോടൊപ്പം ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാവികസന സമിതി യോഗത്തിലും ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിലും വിലയിരുത്തുന്നുണ്ട്. കൂടാതെ സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലും പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ അദ്ധ്യക്ഷ്യതയിൽ മാസംതോറും പദ്ധതി പുരോഗതി വിലയിരുത്തുന്നതോടൊപ്പം ഡയക്ടറേറ്റിലെ നിയന്ത്രണ ഉദ്യോഗസ്ഥർ എല്ലാ ജില്ലകളിലും സന്ദർശനം നടത്തി പുരോഗതി വിലയിരുത്തി വരുന്നുമുണ്ട്.<br><br>പട്ടികവർഗ്ഗക്കാർക്കു നിലവിൽ അനുവദിച്ചു വരുന്ന സാമ്പത്തിക ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ടുകൾ |

| | | | |
|---|---|---|---|
| | | | വഴിയാണ് നൽകിവരുന്നത്. ഇതിലൂടെ യഥാർത്ഥ ആളുകളിലേക്ക് തന്നെ ആനുകൂല്യം എത്തുന്നുണ്ടെന്ന് ഉറപ്പിക്കാനാകും. |
| (സി) | വനത്തിനുള്ളിൽ താമസിക്കുന്നവരുടെയും പ്രാക്തന ഗോത്ര വിഭാഗങ്ങളുടെയും സമഗ്ര വികസനത്തിനായി പ്രത്യേകം പദ്ധതികളുണ്ടോ; വ്യക്തമാക്കാമോ? | (സി) | പട്ടികവർഗ്ഗക്കാർ ഭൂരിഭാഗവും വനത്തിനുള്ളിലും വനാന്തര പ്രദേശങ്ങളിലുമാണ് അധിവസിക്കുന്നത്. വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന എല്ലാ പദ്ധതികളും പിന്നാക്കാവസ്ഥ കണക്കിലെടുത്ത് ഉരുക്കൂട്ടത്തിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്.<br><br>അടിയ പണിയ മലപ്പണ്ടാരം , പ്രാക്തനഗോത്ര വർഗ്ഗ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമത്തിനായി അവരുടെ മേഖല, ആവശ്യം എന്നിവ കണക്കിലെടുത്ത് ജീവനോപാധി പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള വിവിധ വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു. വനത്തിനുള്ളിലോ / പരിസര പ്രദേശത്തോ താമസിക്കുന്നവർക്ക് തൊഴിൽ, അടിസ്ഥാന സൗകര്യം , ആരോഗ്യ പരിരക്ഷ, വിദ്യാഭ്യാസം എന്നിവ നൽകുന്നതോടൊപ്പം വനം വകുപ്പമായി സംയോജിച്ച് ആവശ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. അതിദാരിദ്ര്യ സർവ്വേ പ്രകാരം കണ്ടെത്തിയ കുടുംബങ്ങൾക്ക് കൂടുതൽ മുൻഗണന നൽകിയാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.<br><br>പ്രാക്തന ഗോത്ര വർഗ്ഗക്കാർക്കായി പ്രത്യേക കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ളം ജീവനോപാധി, വിദ്യാഭ്യാസം, എന്നിവ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു.<br><br>PM JANMANപദ്ധതിയിൽ ഉൾപ്പെടുത്തി പ്രാക്തന ഗോത്ര വിഭാഗക്കാരുടെ സമഗ്ര വികസനത്തിനായി 2023-24 വർഷത്തിൽ 9 വകുപ്പുകളുമായി സഹകരിച്ച് അടിസ്ഥാന സൗകര്യങ്ങൾ, റോഡ്, ഭവന നവീകരണം, കുടിവെള്ളം, വൈദ്യുതീകരണം, ഇന്റർനെറ്റ് ലഭ്യത എന്നിവ ഉറപ്പാക്കുന്നു. കൂടാതെ മൾട്ടിപർപ്പസ് സെന്ററുകളുടെ നിർമ്മാണവും ടി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നു. വനം വകുപ്പമായി സഹകരിച്ച് ടി പദ്ധതി നടപ്പിലാക്കുന്നതിലൂടെ പ്രാക്തന ഗോത്ര വർഗ്ഗക്കാർ അധിവസിക്കുന്ന 6 ജില്ലകളിലായി 604 കോളനികളിലെ 8337 കുടുംബങ്ങളിലായി 29511 ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. |

സെക്ഷൻ ഓഫീസർ